<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5291</u>    <u>21-07-2022 - ൽ മറുപടിയ്ക്ക്</u>

<u>സംസ്ഥാനത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളുടെ ഔദ്യോഗിക വിദൂര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ എവിടെയെല്ലാമാണെന്നും ഏതെല്ലാം യൂണിവേഴ്സിറ്റികളുടേതാണെന്നും അറിയിക്കാമോ; ഇത്തരം വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ; | (എ) | വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി.) ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ്) റെഗുലേഷൻസ് 2017-നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതമായിട്ടാണ്. ഇതനുസരിച്ച് സർവ്വകലാശാല ജൂറിസ്ഡിക്ഷനു പുറത്ത് വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് യു.ജി.സി. വിലക്കിയിട്ടുള്ളതാണ്. ഇതുപോലെ തന്നെ വിവിധ പ്രോഗ്രാമുകൾ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ നടത്താനും യു.ജി.സി. അനുമതി നൽകേണ്ടതുണ്ട്. |
| (ബി) | സംസ്ഥാനത്ത് ചില സ്വകാര്യ സ്ഥാപനങ്ങൾ ഈ യൂണിവേഴ്സിറ്റികളുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കോഴ്സുകൾ നടത്തുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും അനുമതികൾ ആവശ്യമുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇത്തരം സ്വകാര്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ; | (ബി) | വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി.) ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ്) റെഗുലേഷൻസ് 2017-നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതമായിട്ടാണ്. ഇതനുസരിച്ച് സർവ്വകലാശാല ജൂറിസ്ഡിക്ഷനു പുറത്ത് വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് യു.ജി.സി. വിലക്കിയിട്ടുള്ളതാണ്. ഇതുപോലെ തന്നെ വിവിധ പ്രോഗ്രാമുകൾ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ നടത്താനും യു.ജി.സി. അനുമതി നൽകേണ്ടതുണ്ട്. |
| (സി) | ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; ഇതിനായി നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ? | (സി) | വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി.) ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ്) റെഗുലേഷൻസ് 2017-നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതമായിട്ടാണ്. ഇതനുസരിച്ച് സർവ്വകലാശാല ജൂറിസ്ഡിക്ഷനു പുറത്ത് വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നത് യു.ജി.സി. വിലക്കിയിട്ടുള്ളതാണ്. ഇതുപോലെ തന്നെ വിവിധ പ്രോഗ്രാമുകൾ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ നടത്താനും യു.ജി.സി. അനുമതി നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ